LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം ചിറ്റൂർ താലൂക്കുകളിൽ പട്ടയ വിതരണം

117 (2131) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ചിറ്റൂർ താലൂക്കുകളിൽ നിന്നും പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ മുഴുവൻ അപേക്ഷകളിന്മേലും പട്ടയം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) പട്ടയം നൽകാൻ ബാക്കിയുള്ളവർക്ക് എന്നത്തേക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര അപേക്ഷകൾ പരിഹരിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മിച്ചഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷ ക്ഷണിച്ച് അർഹരായവർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾക്കായുള്ള അപേക്ഷകളിൻമേൽ അതത് ലാന്റ് ട്രൈബ്യൂണലുകൾ മുൻഗണനാക്രമത്തിൽ തീരുമാനമെടുത്തുവരുന്നുണ്ട്.

(ബി) താലൂക്ക് ലാന്റ് ബോർഡുകളുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും തീരുമാനം വേണ്ട കേസുകളിലാണ് മിച്ചഭൂമി പട്ടയം നൽകാൻ ബാക്കിയുള്ളത്. കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് അപേക്ഷ ക്ഷണിച്ച് അർഹരായവർക്ക് പട്ടയം അനവദിച്ച് വരുന്നുണ്ട്. ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾക്കായുള്ള അപേക്ഷകളിന്മേൽ മുൻഗണനാക്രമപ്രകാരം വിചാരണ നടത്തി പട്ടയം അനുവദിച്ചുവരുന്നു.

(സി) ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾക്കായുള്ള അപേക്ഷകൾ താലൂക്ക് അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല. ഒറ്റപ്പാലം ലാന്റ് ട്രൈബ്യൂണലിൽ 7813-ഉം, പാലക്കാട് ലാന്റ് ട്രൈബ്യൂണലിൽ 2472-ഉം പാലക്കാട് ഡെപ്യൂട്ടി കളക്ടർ ലാന്റ് ട്രൈബ്യൂണലിൽ 4053-ഉം അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പട്ടയ വിതരണം

118 (2133) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയെന്നും ഇത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര പേരുടെ അപേക്ഷ പരിഗണനയിലുണ്ട് ; അവർക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?